# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4242 21.07.2015-ൽ മറുപടിയ്ക്ക്

## പാഠപുസ്തക അച്ചടിയും ഗവൺമെന്റ് പ്രസ്സുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എ.പ്രദീപ്കുമാർ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ട അത്രയും പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടി പൂർത്തിയാക്കാൻ ഗവൺമെന്റ് പ്രസ്സുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) ഇല്ല ;<br>2015-16 അദ്ധ്യയനവർഷത്തെ Vol I പാഠപുസ്തക അച്ചടി മെയ് 15-ാം തീയതിയ്ക്കകം പൂർത്തികരിക്കാൻ കേരള ബുക്ക്സ് & പബ്ളിക്കേഷൻസ് സൊസൈറ്റിയ്ക്ക് കഴിയുകയില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് ശേഷിച്ച 60 ലക്ഷത്തോളം പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സിനെ ഏല്പിക്കുന്നതിന് 12.05.2015 ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.<br>ആയതിൻപ്രകാരം അച്ചടിയ്ക്കാവശ്യമായ വെള്ള ഓഫ്സെറ്റ് പേപ്പർ, വെള്ള കാർഡ് എന്നിവ അച്ചടിവകുപ്പ് ഡയറക്ടർക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സ്റ്റേഷനറി കൺട്രോളർക്ക് നിർദ്ദേശം നല്കുന്നതിനും പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ സി.ഡിയിലുള്ള പ്രിന്റിംഗ് മാറ്റർ (PDF Format) അച്ചടിവകുപ്പ് ഡയറക്ടർക്ക് കൈമാറുന്നതിനാവശ്യമായ നിർദ്ദേശം പാഠപുസ്തക ഓഫീസർക്ക് നല്കുന്നതിനും പൊതു |

വിദ്യാഭ്യാസവകുപ്പിനോട്അഭ്യർത്ഥിച്ചിരുന്നു.

2015 ജൂൺ 1-ാം തീയതിക്ക് മുൻപ് അച്ചടിജോലികൾ പൂർത്തിയാക്കേണ്ടതാണെന്ന വ്യവസ്ഥയിന്മേൽ അച്ചടിവകുപ്പിന്റെ കീഴിലുള്ള മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ പ്രസ്സുകളിലെ ജീവനക്കാർക്ക് അവധിദിവസങ്ങളിൽ ഉൾപ്പെടെ ചെയ്യേണ്ടിവരുന്ന അധിക ജോലിക്ക് പ്രത്യേക കേസായി പരിഗണിച്ച് ഓവർടൈം അലവൻസിനുതുല്യമായതുക, 2015 ജൂൺ 1-ാം തീയതിയ്ക്ക് മുൻപ് അച്ചടി പൂർത്തീകരിക്കുവാൻ കഴിയുന്നെങ്കിൽ മാത്രം എന്ന നിബന്ധനയോടെ ഹോണറേറിയമായി അനുവദിച്ചുകൊണ്ടും 2015-16 അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് കെ.ബി.പി.എസിനെ സ്റ്റോർപർച്ചേസ് മാനദണ്ഡങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ടും 15.05.2015 ലെ ജി.ഒ(എം.എസ്) 174/ഉവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

അച്ചടിവകുപ്പിൽ ഇതുവരെ അച്ചടിച്ച 12 ലക്ഷം പാഠപുസ്തകങ്ങൾ 12.06.2015 നകം കേരള ബുക്ക്സ് & പബ്ലിക്കേഷൻസിനെ ഏല്പിക്കുന്നതാണെന്നും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ബാക്കിയുള്ള 48 ലക്ഷം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കഴിയില്ലായെന്നും അച്ചടിവകുപ്പ് ഡയറക്ടർ കെ.ബി.പി.എസ് എം.ഡിയെ അറിയിച്ചിരുന്നു.

| | | |
|---|---|---|
| (ബി) | എത്ര ദിവസങ്ങൾക്ക് മുൻപ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഓർഡർ നൽകിയിരുന്നെങ്കിൽ കൃത്യസമയത്തു തന്നെ പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്തു നൽകാൻ കഴിയുമായിരുന്നു ? | 50 ദിവസംമുൻപ് അച്ചടി ഗവൺമെന്റ് പ്രസ്സിനെ ഏല്പിച്ചിരുന്നുവെങ്കിൽ 60 ലക്ഷം പാഠപുസ്തകങ്ങൾ കൃത്യസമയത്ത് പൂർത്തിയാക്കുമായിരുന്നു. |

സെക്ഷൻ ഓഫീസർ